# നവയുഗം

| പുസ്തകം 9 | 1959 ആഗസ്റ്റ് 1 (1134 കർക്കടകം 16) ശനിയാഴ്ച | ലക്കം 10 |
|---|---|---|

## ആപല്ക്കരമായ പോക്ക്

ഇന്ത്യയിലെ ഭരണാധികാരിവർഗ്ഗങ്ങൾ ഇത്ര വലിയൊരു കുഴപ്പത്തിൽ ഇതിന്നുമുമ്പൊരിക്കലും അകപ്പെട്ടിട്ടില്ല. ഭരണഘടന, പാർലിമെണ്ടറി ജനാധിപത്യം, തിരഞ്ഞെടുപ്പ്, പ്രായപൂർത്തി വോട്ടവകാശം, പഞ്ചവത്സരപദ്ധതി, അഹിംസ, സഹവർത്തിത്വം, മാനുഷികമൂല്യങ്ങൾ എന്നിങ്ങിനെ ഉയർത്തിപ്പിടിച്ചുപോന്ന എല്ലാ തത്വങ്ങളെയും അവർതന്നെ ഒറ്റയടിക്ക് നശിപ്പിക്കാൻ മുതിർന്നിരിക്കുന്നു. തങ്ങളുടെ സ്വേച്ഛാധിപത്യഭരണം നിലനിർത്തിക്കൊണ്ട് ജനസാമാന്യങ്ങളെ നിർബ്ബാധം ചൂഷണം ചെയ്യാൻ സാധിക്കുന്നേടത്തോളം മാത്രമേ ഇത്തരം തത്വങ്ങൾക്ക് അവർ വില കല്പിക്കുകയുള്ളുവെന്നും, തങ്ങളുടെ കുത്തകഭരണത്തിന്ന് എവിടെയെങ്കിലും എന്തെങ്കിലുമൊരു ഭീഷണി ഉയർന്നുവരാൻ തുടങ്ങിയാൽ അവർ എല്ലാ മൂല്യങ്ങളെയും ചുട്ടുകരിച്ചുകൊണ്ട് തങ്ങളുടെ തനിനിറം വെളിപ്പെടുത്താൻ തുടങ്ങുമെന്നുമാണ് കഴിഞ്ഞ രണ്ടു മാസക്കാലത്തെ സംഭവങ്ങൾ സംശയത്തിന്നിടയില്ലാത്തവിധം തെളിയിച്ചിരിക്കുന്നതു്.

1957 ഏപ്രിൽ 5-ാംനു കോൺഗ്രസ്സ്നേതൃത്വത്തിന്റെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കുമെതിരായി കേരളത്തിലൊരു കമ്മ്യൂണിസ്റ്റ് മന്ത്രിസഭ രൂപീകരിക്കപ്പെട്ടതുമുതൽക്കാണ് കുഴപ്പം തുടങ്ങിയതു്. ജനങ്ങളുടെ വിധിയെ മാനിക്കാനോ തങ്ങളുടേതല്ലാത്ത ഒരു പാർട്ടിയുടെ ഭരണത്തോട് സഹിഷ്ണുതകാണിക്കാനോ കോൺഗ്രസ്സ് നേതൃത്വം തയ്യാറായിരുന്നില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഭരണം നടപ്പിൽ വരുത്താനിടയുള്ള സാമൂഹ്യപരിഷ്കാരങ്ങൾ ഇന്ത്യയിലൊട്ടുക്കുമുള്ള കോൺഗ്രസ്സ്ഭരണത്തിന്റെ മുമ്പിൽ വലിയൊരു ചോദ്യചിഹ്നം നാട്ടുമെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ടാണ് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട കേരളഗവണ്മെന്റിന്നെതിരായി സമരങ്ങൾ നടത്താൻ ശ്രീമന്നാരായണനെപ്പോലെയും ധേബാറെപ്പോലെയുമുള്ള അഖിലേന്ത്യാ കോൺഗ്രസ്സ് നേതാക്കന്മാർ 1957 ഏപ്രിലിൽ തന്നെ ആഹ്വാനം നൽകിയതു്.

ഗവണ്മെന്റിന്നെതിരായി പ്രക്ഷോഭങ്ങളും പ്രത്യക്ഷസമരങ്ങളും സംഘടിപ്പിച്ച് കുഴപ്പങ്ങളുണ്ടാക്കുക, കുഴപ്പങ്ങൾ ഒരു ഘട്ടംവരെ എത്തുമ്പോൾ കേന്ദ്രഗവണ്മെന്റിനെക്കൊണ്ട് ഇടപെടുവിച്ചു, കമ്മ്യൂണിസ്റ്റ്ഭരണം അവസാനിപ്പിക്കുക—ഇതാണ് അഖിലേന്ത്യാ കോൺഗ്രസ്സിന്റെ പിന്തിരിപ്പൻ നേതാക്കന്മാർ കൈക്കൊണ്ട പരിപാടി. പക്ഷേ, ഈ പരിപാടി ഇതേവരെ ഫലപ്രദമായിട്ടില്ല. ബഹുജനങ്ങളുടെ വലിയൊരു വിഭാഗത്തിന്റെ പിന്തുണയോടുകൂടി പിന്തിരിപ്പന്മാരുടെ എല്ലാ ഗൂഢാലോചനകളെയും എതിർത്തു തോല്പിക്കാൻ കമ്മ്യൂണിസ്റ്റ്ഗവണ്മെന്റിന്ന് സാധിച്ചിരിക്കുന്നു. ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും പേരിൽ കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടിനെ കറപ്പെടുത്താനുള്ള എല്ലാ പിന്തിരിപ്പൻ കുതന്ത്രങ്ങളും പൊളിഞ്ഞിരിക്കുന്നു.

പക്ഷേ, ഈ പരാജയം പിന്തിരിപ്പൻ ശക്തികളെ കൂടുതൽ വിറളിപിടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അക്രമപ്രവർത്തനങ്ങളെ ഉത്തേജിപ്പിച്ചുകൊണ്ടും, കമ്മ്യൂണിസ്റ്റ്‌വിരോധവും മതവികാരങ്ങളും ആളിക്കത്തിച്ചുകൊണ്ടും കൂടുതൽ കുഴപ്പങ്ങളുണ്ടാക്കാനും ആ കുഴപ്പങ്ങളുടെ പേരിൽ കേന്ദ്രത്തെക്കൊണ്ട് ഇടപെടുവിക്കാനുമാണ് അവർ ശ്രമിച്ചിട്ടുള്ളതു്. ഇടപെടാൻ വൈകുകയാണെങ്കിൽ താൻ കോൺഗ്രസ്സ് പ്രസിഡണ്ടുപദത്തിൽനിന്ന് രാജിവെക്കുമെന്നും, കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പിരിച്ചുവിടുന്നതിന്ന് ഭരണഘടന എതിരാണെങ്കിൽ ഭരണഘടന ഉടനെ ഭേദഗതി ചെയ്യണമെന്നും ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാ

പിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പിരിച്ചുവിടാൻവേണ്ടി ഭരണഘടന റദ്ദു ചെയ്യണമെന്ന് കേന്ദ്രമന്ത്രി ലക്ഷ്മി എൻ. മേനോൻ ആവശ്യപ്പെട്ടിരിക്കുന്നു. കേന്ദ്രം ഉടനെ ഇടപെട്ടില്ലെങ്കിൽ താൻ കേന്ദ്രത്തിന്നെതിരായി സമരം ചെയ്യുമെന്ന് കെ. പി. സി. സി. പ്രസിഡണ്ട് ശ്രീ. ശങ്കർ ഭീഷണി പുറപ്പെടുവിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിക്കണമെന്നും അങ്ങിനെ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള ജനാധിപത്യാവകാശം അവർക്ക് നിഷേധിക്കണമെന്നും മുൻഷി, മന്നം മുതലായവർ വിളിച്ചു പറയുന്നു.

ആപൽക്കരമായ ഫാഷിസ്റ്റ് സ്വേച്ഛാധിപത്യപ്രവണതകളുൾക്കൊള്ളുന്ന ഈ ഭീഷണികൾ ഇന്ത്യയുടെ ജനാധിപത്യ വ്യവസ്ഥയോടുള്ള പരസ്യമായ വെല്ലുവിളികളത്രെ. ഗവർണ്ണർ ഗാഡ്ഗിൽ ചൂണ്ടിക്കാണിച്ചതുപോലെ, "നമ്പൂതിരിപ്പാട് മന്ത്രിസഭയുടെ വിധിയോ, കോൺഗ്രസ്സിന്റെ ഭാവിയോ, കത്തോലിക്കരോ, നായന്മാരോ അല്ല, പാർലിമെണ്ടറി ജനാധിപത്യത്തിന്റെയാകെ ഭാവിയാണ് അപകടത്തിലായിട്ടുള്ളത്."

എന്നിട്ടും, ഈ വെല്ലുവിളികളെയും ഭീഷണികളെയും നേരിടാനല്ല, അവയ്ക്ക് കീഴടങ്ങാനാണ് - പ്രധാനമന്ത്രി നെഹറുവും കേന്ദ്രസർക്കാരും ഒരുങ്ങുന്നത് എന്നുള്ളതാണ് ഞങ്ങൾക്ക് കൂടുതൽ വിചിത്രമായി തോന്നുന്നത്.

ഇതു വെറും കോൺഗ്രസ്സുനേതാക്കന്മാരുടെയോ സാമുദായികപിന്തിരിപ്പന്മാരുടെയോ സമരം മാത്രമല്ല. പാകിസ്താനിലും, രണ്ടാംലോകമഹായുദ്ധത്തിന്നുശേഷം സ്വാതന്ത്ര്യം നേടിയ ഏഷ്യയിലെ മറ്റു ചില രാജ്യങ്ങളിലും ജനാധിപത്യഭരണവ്യവസ്ഥയെ തുരങ്കംവെച്ചുകഴിഞ്ഞവരുടെയും സ്വതന്ത്രമായ സാമ്പത്തിക വ്യവസ്ഥയുടെ പുരോഗതിയെ തടയാനാഗ്രഹിക്കുന്നവരുടെയും ഇന്ത്യയെ വീണ്ടും സാമ്രാജ്യത്വശക്തികളുടെ പിടിയിൽ കൊണ്ടുവരുവാനാഗ്രഹിക്കുന്നവരുടെയും കറുത്ത കൈകളാണ് കേരളത്തിലെ സമരത്തിന്റെ പിന്നിലുള്ളതെന്ന യാഥാർത്ഥ്യം നമുക്ക് മറക്കാതിരിക്കുക. അവർ പോരാടുന്നതു നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭയെ മറിച്ചിടാൻവേണ്ടി മാത്രമല്ല, ഇന്ത്യയുടെ വ്യവസായവല്ക്കരണത്തെയും കാർഷിക പരിഷ്കാരങ്ങളെയും സാ[illegible] ...ല്ലാം തടഞ്ഞ് [illegible] ...വേണ്ടിയാണ്; ഇന്ത്യയിൽ വിദേശമൂലധനത്തിന്റെയും അതിനോടു കൂടിയിട്ടുള്ള ഇന്ത്യയിലെ പിന്തിരിപ്പൻ സാമ്പത്തികശക്തികളുടെയും മേധാവിത്വം പുനഃസ്ഥാപിക്കാൻവേണ്ടിയാണ്; ഇന്ത്യയെ പാകിസ്താനാക്കാൻവേണ്ടിയാണ്. ഇതു യഥാർത്ഥത്തിൽ കമ്മ്യൂണിസത്തിന്നെതിരായ ഒരു സമരമല്ല; ജനാധിപത്യവ്യവസ്ഥയിലൂടെ സ്വതന്ത്രമായ സമ്പത്തികവ്യവസ്ഥ കെട്ടിപ്പടുത്തുകൊണ്ട് രാജ്യത്തെ ഐശ്വര്യത്തിലേക്കും സമൃദ്ധിയിലേക്കും നയിക്കാനുള്ള നാല്പതുകോടി ജനങ്ങളുടെ ഭാവിക്കെതിരായ സമരമാണ്. ജനങ്ങളെ ഭിന്നിപ്പിക്കാൻവേണ്ടിയുള്ള പിന്തിരിപ്പൻ ശക്തികളുടെ ഒരു തന്ത്രംമാത്രമാണ് കമ്മ്യൂണിസ്റ്റ് വിരോധം. അതുകൊണ്ടുതന്നെയാണ് കമ്മ്യൂണിസത്തോടും കമ്മ്യൂണിസ്റ്റ് പാർട്ടിയോടും യോജിക്കാത്ത കോൺഗ്രസ്സുകാരുൾപ്പെടെയുള്ള ജനാധിപത്യവാദികൾപോലും കോൺഗ്രസ്സ് നേതൃത്വത്തിന്റെ ഈ ജനാധിപത്യവിരുദ്ധ നയങ്ങൾക്കെതിരായി ശബ്ദമുയർത്താൻ തുടങ്ങിയിട്ടുള്ളത്.

നേതാക്കന്മാർ സ്വന്തം സങ്കുചിതതാല്പര്യങ്ങൾക്കുവേണ്ടി ജനാധിപത്യതത്വങ്ങളെ കൈവെടിഞ്ഞാൽപ്പോലും ഇന്ത്യയിലെ കോടിക്കണക്കിലുള്ള ജനങ്ങൾ അവയെ വിടാതെ ഉയർത്തിപ്പിടിച്ചുകൊണ്ടുനില്ക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല.

—കെ. ദാമോദരൻ


## ദേശാഭിമാനിയുടെ

# ഓണപ്പതിപ്പ്

സപ്തംബർ രണ്ടാം വാരത്തിൽ പുറത്തിറങ്ങുന്നു!

120 പേജ് ★ വില: 75 ന. പ.

പതിവുപോലെ കേരളത്തിലെ പ്രമുഖരായ എഴുത്തുകാരുടെ ലേഖനങ്ങളും കഥകളും കവിതകളും ഉണ്ടായിരിക്കുന്നതാണ്. ആകർഷകമായ ത്രിവർണ്ണകവർചിത്രം

★

പരസ്യത്തിന്നു

കാലേക്കൂട്ടി സ്ഥലം ബുക്കുചെയ്യുക



### കോടതിപ്പരസ്യം

കൂത്തുപറമ്പു് മുൻസിഫ് കോർട്ട്

O. S. 225/59.

പൊലപ്പാടി കുഞ്ഞിക്കണ്ണൻ. — അന്യായ

പുതിയ വീട്ടിൽ കണ്ണൻ — പ്രതി

ടി പ്രതിക്കുള്ള സമൻസ്സ് കല്പന പതിച്ചു നടത്താൻ അനുവദിച്ചു നമ്പ്ര 8-8-59-നു-ക്ക് വെച്ചിരിക്കുന്നു.

23-7-59.

എന്ന്,